QP CODE: 25050531

25050531

Reg No : ....................

Name : ....................

# MA DEGREE (CSS)EXAMINATION DECEMBER 2025

## First Semester

M A MALAYALAM

## Core Courses - ML010104 - SAHITHYARACHANASANKETHANGAL

2019 Admission Onwards

5EAB44AA

Time: 3 Hours Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ഇമേജിസ്റ്റ് പ്രസ്ഥാനത്തെ ഹൈക്കു ഏതെങ്കിലും വിധത്തിൽ സ്വാധീനിച്ചിട്ടുണ്ടോ? പരിശോധിക്കുക.
2. പ്രയുക്തരചന എന്നതിനപ്പുറം തിരക്കഥയ്ക്ക് എന്തെങ്കിലും പ്രാധാന്യമുണ്ടോ?
3. വാച്യം, ലക്ഷ്യം, വ്യംഗ്യം എന്നിവ ഉദാഹരണസഹിതം വിശദമാക്കുക.
4. ഗുണീഭൂതവ്യംഗ്യം എന്തെന്നു വിശദമാക്കുക.
5. പ്രഹസനം എന്നാലെന്ത്?
6. 'വിദഗ്ദ്ധഛന്ദസ്സായവനേ മുക്തഛന്ദസ്സാവാനൊക്കൂ' എന്നു പറയാൻ കാരണമെന്ത്?
7. കഥാസാഹിത്യത്തിൽ ആഖ്യാനകങ്ങളുടെ പ്രാധാന്യമെന്ത്?
8. ബഹുലകം (Mode) എന്നാലെന്ത്?
9. സമവൃത്തം എന്നാലെന്തെന്ന് വിശദീകരിക്കുക.
10. ഭാഷാവൃത്തങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. ആദ്യകാല കാവ്യരൂപങ്ങൾ ലക്ഷണത്താൽ സുഘടിതമായിരുന്നു. - മാഹാകാവ്യം എന്ന സാഹിത്യമാതൃകയെ മുൻനിർത്തി പരിശോധിക്കുക.
12. റൊമാൻസ്, നോവൽ എന്നിങ്ങനെയുള്ള പരമ്പരാഗത വിഭജനരീതിയെ പിൽക്കാല കഥാസാഹിത്യം അപ്രസക്തമാക്കുന്നുണ്ടോ? നിരീക്ഷിക്കുക.
13. വസ്തുപ്രതിവസ്തുഭാവം, ബിംബപ്രതിബിംബഭാവം എന്നീ സങ്കല്പനങ്ങൾക്ക് മെറ്റഫർ, മെറ്റോണിമി എന്നീ പാശ്ചാത്യസങ്കല്പനങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടോ? പരിശോധിക്കുക.
14. ശബ്ദാലങ്കാരങ്ങളിൽ വർണ്ണങ്ങളുടെ ആവർത്തനം ഏതൊക്കെവിധത്തിൽ സംഭവിക്കുന്നു?

15. 'ഒരേസമയത്തു വിഭിന്നങ്ങളും വിരുദ്ധങ്ങളുമായ അർത്ഥങ്ങൾ തോന്നിപ്പിക്കുന്ന പദഘടന, ഉപയോഗിക്കപ്പെടുന്ന സന്ദർഭത്തിൽ മാത്രം നിലനില്പുള്ള പുതിയപദങ്ങൾ' എന്നിങ്ങനെയുള്ള സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് പുതിയകവിതയെന്ന് അയ്യപ്പപ്പണിക്കർ ചൂണ്ടിക്കാണിക്കുന്നു. ഈ സാഹചര്യത്തിൽ അർത്ഥവ്യക്തി, കാന്തി തുടങ്ങിയ കാവ്യഗുണങ്ങളുടെ പ്രസക്തി വിലയിരുത്തുക.

16. കവിതയെക്കുറിച്ച് ടി.എസ്.എലിയറ്റ് അവതരിപ്പിക്കുന്ന നിരീക്ഷണങ്ങൾ വിലയിരുത്തുക.

17. ആഖ്യാനവിജ്ഞാനത്തിൽ കഥാജനകത്തിനും (Fabula) കഥാജനിതത്തിനും (Suzhet) കൈവന്ന മാനങ്ങളെന്ത്?

18. അർദ്ധസമവൃത്തങ്ങളുടെ പൊതുവായ സവിശേഷതകൾ സംഗ്രഹിക്കുക.

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. 'അലങ്കാരങ്ങളെത്തീർപ്പാൻ നാലുതാനിഹ സാധനം' - അർത്ഥാലങ്കാരങ്ങളുടെ അടിസ്ഥാനഘടകങ്ങളെ സാമാന്യവൽക്കരിക്കുന്നതിന്റെ യുക്തി പരിശോധിക്കുക.

20. ഊന്നൽ (Significance), സഞ്ചയം (Accumulation), വിവരണാത്മകവ്യവസ്ഥകൾ (Descriptive Systems) എന്നിവയെക്കുറിച്ചുള്ള മൈക്കേൽ റിഫറ്റേറുടെ അഭിപ്രായം ക്രോഡീകരിക്കുക.

21. നോവൽ എന്ന സാഹിത്യരൂപത്തിന്റെ സവിശേഷതകൾ മിഖായേൽ ബഖ്തിൻ വിശദീകരിക്കുന്നതെങ്ങനെ?

22. 20-ാം നൂറ്റാണ്ടിലെ പ്രസിദ്ധമായ പല കവിതകളുടെയും വൃത്തമേതെന്ന് വൃത്തമഞ്ജരിയിൽനിന്ന് കണ്ടെത്താനാവില്ല. - ഉദാഹരണസഹിതം വിശദമാക്കുക.

(2×5= 10 weightage)